9. വനിതാ സംരംഭകർക്കുള്ള സംരംഭകത്വ വികസന പരിപാടി

10. തൊഴിലധിഷ്ഠിത പരിശീലന പരിപാടി

11. കരിയർ ഓറിയേന്റേഷൻ പ്രോഗ്രാം

12. സുരക്ഷാ @ സ്കൂൾ പ്രോജക്ട്

13. ജെണ്ടർ എക്സ്പേർട്ട് പരിശീലനം.

(ബി) ചെലവാക്കിയ തുക അനുബന്ധമായി ചേർക്കുന്നു.*

സാമൂഹ്യനീതി വകുപ്പിൽ സ്പോർട്സ് ക്വാട്ട നിയമനം

211 (5564) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് ക്വാട്ടയിൽ സാമൂഹ്യനീതി വകുപ്പിൽ എത്ര പേർക്ക് ഈ വർഷം നിയമനം നൽകിയിട്ടുണ്ടെന്നും എവിടെയാണ് നിയമിച്ചതെന്നും വിശദമാക്കാമോ ;

(ബി) നിയമനം ലഭിച്ചവർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ലിസ്റ്റിലുള്ള മറ്റുള്ളവരെ പരിഗണിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) 12-6-2015-ലെ ഇ 4-19397/12 നമ്പർ ഉത്തരവ് പ്രകാരം സാമൂഹ്യനീതി വകുപ്പിൽ ഈ വർഷം സ്പോർട്സ് ക്വാട്ടയിൽ കൊല്ലം ജില്ലാതല ഐ.സി.ഡി.എസ്. സെല്ലിൽ ഒരാൾക്ക് നിയമന ഉത്തരവ് നൽകിയെങ്കിലും ടി ഉദ്യോഗാർത്ഥി നാളിതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നില്ലായെന്ന് അറിയിപ്പ് ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സാമൂഹ്യനീതി വകുപ്പിന്റെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

212 (5565) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാമൂഹ്യനീതി വകുപ്പിന്റെ 2014-15 മാർച്ച്-31-നുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം പദ്ധതി ഇനത്തിൽ 53.68% മാത്രമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം സംഭവിക്കാനുണ്ടായ കാരണം വിശദമാക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

അക്കൗണ്ടന്റ് ജനറലിന്റെ ധനാഭ്യർത്ഥന അനുസരിച്ചുള്ള പ്രാഥമിക കണക്ക പ്രകാരം സാമൂഹ്യക്ഷേമവും സുരക്ഷിതത്വവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിൽ പദ്ധതിയിനത്തിലുള്ള മൊത്തം ചെലവ് 822.90 കോടി രൂപയാണ്. എന്നാൽ സാമൂഹ്യനീതി വകുപ്പിന്റെ (ഡയറക്ടറേറ്റും മറ്റ് സ്ഥാപനങ്ങളും ഉൾപ്പെടുന്ന) മാത്രം 2014-15 സാമ്പത്തിക വർഷത്തെ പദ്ധതിയിനത്തിലെ ചെലവ് 85.07% ആണ്.

ശ്രുതിമധുരം

213 (5566) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ആനുകൂല്യം ഇതുവരെ ലഭ്യമായവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ :

(ബി) ഈ പദ്ധതിക്കായി ഇതുവരെ എത്ര തുക വിനിയോഗിച്ചെന്ന് വിശദമാക്കാമോ ;

(സി) സാമൂഹ്യസുരക്ഷാ മിഷൻ മുഖേന ഭിന്നശേഷിയുള്ളവർക്കായി നൽകുന്ന ചികിത്സാ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	ഗുണഭോക്താക്കളുടെ എണ്ണം
(1)	(2)	(3)
1	തിരുവനന്തപുരം	41
2	കൊല്ലം	34
3	ആലപ്പുഴ	25
4	പത്തനംതിട്ട	9
5	കോട്ടയം	31
6	ഇടുക്കി	15
7	എറണാകുളം	43

LIBRARY ARCHIVES Kerala Legislative Assembly